ശ്രീ. വി. ജെ. തങ്കപ്പൻ : ഏറ്റവും വീതി കുറഞ്ഞ കിള്ളിപ്പാലത്തിന് ഇപ്പോഴും ആറ് മീറ്റർ വീതിപോലുമില്ല. കരമന പാലത്തിനും ആറ് മീറ്റർ ഈ രണ്ട് പാലങ്ങളെങ്കിലും പുതുക്കിപണിയുന്നതിന്, അഡീഷണലായി ചേർത്ത് വീതി കൂടി പണി ചെയ്യാനുള്ള നടപടി ത്വരിതപ്പെടുത്തി വേഗം ചെയ്തുതീർക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : പദ്ധതി അന്തിമമായി അംഗീകരിച്ചു കഴിഞ്ഞാൽ ആദ്യം പാലത്തിന്റെ പണി തുടങ്ങും.

(2) വടക്കാഞ്ചേരി മിത്തൽ സ്റ്റീൽ റോളിംഗ് മിൽ ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : സർ, വടക്കാഞ്ചേരി മിത്തൽ സ്റ്റീൽ റീറോളിംഗ് കമ്പനി കഴിഞ്ഞ ഏപ്രിൽ 30-ാം തീയതി മുതൽ പൂട്ടി കിടക്കുകയാണ്. 144 സ്ഥിരം തൊഴിലാളികളും 16 കാഷ്വൽ തൊഴിലാളികളുമുള്ള ഈ സ്ഥാപനം ഒരു സമരം കൊണ്ടോ നഷ്ടംകൊണ്ടോ പൂട്ടിയിട്ടുള്ളതല്ല. അതിന്റെ ഉടമസ്ഥൻമാർ തമ്മിലുള്ള വഴക്കും അതിലെ ലാഭം എങ്ങനെ വിനിയോഗിക്കണം എന്നുള്ളതു സംബന്ധിച്ച തർക്കവുമാണ് അത് പൂട്ടാനുണ്ടായ കാരണങ്ങളും. 1750 ടൺ സ്റ്റീൽ ബില്ലറ്റ് മിത്തൽസിന് കാട്ട ഉണ്ടെങ്കിലും കഴിഞ്ഞ 9 മാസമായി 760 ടൺ മാത്രമേ ലഭിക്കുന്നുള്ളു എന്നുള്ളതുകൊണ്ട് പ്രൈവറ്റ് സെക്ടറിൽനിന്ന് വാങ്ങി ഉപയോഗിച്ചിട്ടുപോലും ലാഭമോണെന്നാണ് കണ്ടിട്ടുള്ളത്. ഇൻകംടാക്സും, സെയിൽടാക്സും, ബാങ്കിൽനിന്നുള്ള കടങ്ങളുമെല്ലാം കൂടി ഒന്നേകാൽ കോടി രൂപയുടെ ആസ്തി ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഒരു സെൻറിന് പതിനായിരം രൂപയോളം വിലയുള്ള സ്ഥലത്ത്, ആയിരത്തിൽ ചിലപ്പോൾ രൂപ വിലനിലവാരത്തിലാണ് ഒന്നേകാൽ കോടി രൂപയുടെ ആസ്തി കണക്കാക്കിയിട്ടുള്ളത്. സ്റ്റീൽ കോംപ്ലക്സ് ഇത് ഏറ്റെടുക്കുകയാണെങ്കിൽ അത് സ്റ്റീൽ കോംപ്ലക്സിന് പ്രയോജനകരമായിരിക്കും. ഏകദേശം നൂറ് ടൺ ബില്ലറ്റ് വീതം തമിഴ് നാട്ടിലും കർണ്ണാടകത്തിലുമുള്ള കമ്പനികളിൽ അയച്ച് കമ്പനി ഉണ്ടാക്കികൊണ്ടുവരുന്ന പ്രക്രിയ ഇന്ന് നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഈ മില്ല് പ്രവർത്തിച്ചാൽ വളരെയധികം ലാഭകരമായി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുന്ന ഒരു മില്ലാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അത് നടക്കണമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി തന്നെ പ്രത്യേകം ശ്രദ്ധിക്കണം. കാരണം ഇത് പുറത്ത് അയച്ച് കമ്പിയാക്കി കൊണ്ടുവരുന്ന സംവിധാനത്തിൽ എന്തോ ചില ഇൻറർസ്റ്റേറ്റ് ഉണ്ടെന്നാണ് കേൾക്കുന്നത്. പ്രത്യേകമായി മൂലധനമൊന്നുമിറക്കാതെതന്നെ ഇത് ഏറ്റെടുത്ത് നടത്താൻ സാധിക്കും. അതിനുള്ള എല്ലാ സംവിധാനവും അവിടെയുണ്ട്. അതുകൊണ്ട് സ്റ്റീൽ കോംപ്ലക്സിനെക്കൊണ്ട് ഇത് ഏറ്റെടുപ്പിച്ച് നടത്തുന്നതിനുവേണ്ട നടപടിയെടുക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : ഇത് സംബന്ധിച്ച് പലപ്പോഴും വളരെ സീൻസിയർ ആയി ഡിസ്ക്ഷൻ നടന്നിട്ടുണ്ട്. പക്ഷേ, ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഇതിനു മുമ്പുതന്നെ ഈ നിയമസഭയിൽ മറെറാരു മെമ്പർ ഈ പ്രശ്നം ഉന്നയിച്ചപ്പോഴും ഞാൻ മറുപടി പറഞ്ഞിരുന്നു. ഇത് സ്വകാര്യ വ്യക്തികൾ നടത്തുന്ന ഒരു കമ്പനിയാണ്. എനിക്ക് കിട്ടിയ റിപ്പോർട്ട് അനുസരിച്ച് 1965 മുതൽ 1976 വരെ നല്ല നിലയിൽ നടന്നിരുന്ന ഈ കമ്പനി 1976-78-ൽ രണ്ട് വർഷം പൂട്ടിയിട്ടു 1978-ൽ വീണ്ടും പ്രവർത്തനം ആരംഭിച്ചു. 1982 വരെ പ്രവർത്തിച്ചു. അതൊരു

LIBRARY ARCHIVES Kerala Legislative Assembly

പുതിയ മാനേജ്മെൻറിന്റെ കീഴിലായിരുന്നു. അതു കഴിഞ്ഞ് 1982 മുതൽ 1984 വരെയുള്ള വർഷങ്ങളിൽ വീണ്ടും പുതിയ മാനേജ്മെൻറിന്റെ കീഴിലും കമ്പനി പൂട്ടിയിട്ടു. 1984 ജൂലൈ മാസം മൂന്നാമത്തെ മാനേജ്മെൻറിന്റെ കീഴിൽ വീണ്ടും തുറന്നു പ്രവർത്തിച്ചു. പക്ഷേ വളരെനാളൊന്നും പ്രവർത്തിക്കാൻ സൗകര്യപ്പെട്ടില്ല. അങ്ങനെ 1-5-1985 മുതൽ ലേ-ഓഫ് പ്രഖ്യാപിച്ചിരിക്കുകയാണ്. കമ്പനിയുടെ നടത്തിപ്പിലുള്ള അപാകതകളും ഡയറക്ടർമാർ തമ്മിലുള്ള തർക്കം കാരണവുമാണ് കമ്പനി പൂട്ടിയിട്ടുള്ളത്. ഈ കമ്പനി ഗവൺമെൻറ് ഏറെറടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തൊഴിലാളി യൂണിയന്റെ പ്രസിഡൻറ്, കേന്ദ്ര ആസൂത്രണ വകുപ്പു സഹമന്ത്രി മുഖാന്തിരം ഒരു നിവേദനം അയച്ചു, 22-5-1985-ൽ ഇവിടെ കിട്ടിയിട്ടുണ്ട്. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം എല്ലാ നയോജക മണ്ഡലങ്ങളെ സംബന്ധിച്ചും, സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളെ സംബന്ധിച്ചും എല്ലാ വ്യവസായങ്ങളെ സംബന്ധിച്ചും ഒരേ കാഴ്ചപ്പാടാണുള്ളത്. ആത്മാർത്ഥമായി പറഞ്ഞാൽ ഗവൺമെൻറിന് ഷെയർ ഉള്ള വ്യവസായങ്ങളും നിലച്ചിട്ട്, അത് ഏറെറടുക്കാൻ പോലും കഴിയാത്ത സ്ഥിതിയാണ്. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളമുള്ളത്. അത് പുനരുദ്ധരിക്കണമെന്ന ആഗ്രഹമില്ലാത്തതുകൊണ്ടല്ല, പക്ഷേ സംസ്ഥാന ഗവൺമെൻറിന്റെ ഖജനാവ് നോക്കിക്കൊണ്ടു മാത്രമേ ഈ കാര്യത്തിൽ നടപടിയെടുക്കാൻ സാധിക്കുകയുള്ളു. ഗവൺമെൻറിനുകൂടി ഷെയറുള്ള പല വ്യവസായങ്ങളും നിലച്ചിട്ട്, അത് റിവൈവ് ചെയ്യാനുള്ള ശ്രമം നടത്തുന്ന അവസരത്തിൽ, സ്വകാര്യ വ്യക്തി, മൂന്നാമത്തെ മാനേജ്മെൻറ് നടത്തുന്ന, പരസ്പരമുള്ള തർക്കംകൊണ്ട് നിലച്ചുപോയത് ഏറെറടുക്കാൻ പ്രയാസമാണ്. ഈ മിൽ ഏതെല്ലാം വിധത്തിൽ റിവൈവ് ചെയ്യാൻ മാനേജ്മെൻറിനെ സഹായിക്കാമെന്നുള്ള കാര്യം ഗവൺമെൻറ് പരിഗണിക്കാം. ഇതിൽ യാതൊരു പന്തികേടോ ഭംഗിക്കേടോ ഉള്ളതുകൊണ്ടല്ലാ ഗവൺമെൻറിന്റെ പരിധി ഇവിടെ പ്രഖ്യാപിച്ചു എന്നുമാത്രമേയുള്ളു, എന്നിരുന്നാലും മാനേജ്മെൻറ് തർക്കം തീർക്കാൻ വല്ലതും ചെയ്യാൻ സൗകര്യപ്പെടുകയാണെങ്കിൽ ഗവൺമെൻറ് അക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കാം.

III സബ്മിഷൻ

(1) ഇടുക്കി ജില്ലയിൽ ചികിൽസാ സൗകര്യത്തിന്റെ പോരായ്മ

ശ്രീ. ജോസ് കുറിയാനി : 12 ലക്ഷത്തോളം ആളുകൾ അധിവസിക്കുന്ന ഇടുക്കി ജില്ലയിലെ ജനങ്ങൾ അനുഭവിക്കുന്ന ചികിൽസാരംഗത്തെ പോരായ്മക്ക് പരിഹാരമുണ്ടാക്കാൻ ആവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുവാനാണ് ഞാൻ ഈ അവസരത്തിൽ ശ്രമിക്കുന്നത്. 1972 ജനുവരി മാസം 26-ാം തീയതി പ്രഖ്യാപിച്ച, 14 വർഷം പിന്നിട്ട ഇടുക്കി ജില്ലയുടെ ചികിൽസാരംഗത്ത് ആവശ്യമായ യാതൊരുവിധ സൗകര്യങ്ങളുമില്ലായെന്ന് പറയേണ്ടി വന്നതിൽ ഞാൻ ഖേദിക്കുകയാണ്. ഇടുക്കി ജില്ലാ ആശുപത്രി പ്രവർത്തിക്കുന്നതുതന്നെ ജില്ല രൂപീകരിക്കുന്ന കാലത്ത്, അന്ന് പയനാവിലുണ്ടായിരുന്ന ഇലക്ട്രിസിറ്റി ബോർഡിന്റെ വകയായിട്ടുള്ള ആശുപത്രി ഏറെറടുത്താണ്. കേവലം 18 കിടക്കകൾ മാത്രമുള്ള ചെറിയൊരു ആശുപത്രിയാണത് എന്നു പറയുവാൻ ഞാൻ ഈ അവസരത്തിൽ ആഗ്രഹിക്കുകയാണ്. കേരളത്തിലുള്ള ജില്ലാ ആശുപത്രികളിൽ രക്തം പരിശോധിക്കുവാൻ സൗകര്യമില്ലാത്ത, ലാബ്ടറി ഫെസിലിറ്റീസ് ഇല്ലാത്ത, എക്സ്റേ നോക്കാൻ സൗകര്യമില്ലാത്ത, ഓപ്പറേഷൻ തിയേറ്റർ ഇല്ലാത്ത, ശവശരീരം

LIBRARY ARCHIVES Kerala Legislative Assembly